**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസവകുപ്പ് - അദ്ധ്യാപക പാക്കേജ് സംബന്ധമായ ഉത്തരവുകൾ പിൻവലിച്ചുകൊണ്ട് തസ്തിക നിർണ്ണയവും സംരക്ഷണാനുകൂല്യവും സംബന്ധിച്ച പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ)വകുപ്പ്**

**സ.ഉ (പി) നം. 213/2015/പൊവിവ തീയതി, തിരുവനന്തപുരം, 06.08.2015**

---

പരാമർശം:
1. 1.10.2011 ലെ ലെ സ.ഉ. (പി) നം.199/11/പൊവിവ
2. 7.10.2011 ലെ സ.ഉ. (പി) നം. 205/11/പൊവിവ
3. 29.03.2012 ലെ സ.ഉ. (പി) നം. 102/12/പൊവിവ
4. 12.4.2015 ലെ സ.ഉ. (പി) നം. 116/12/പൊവിവ
5. 29.11.2013 ലെ സ.ഉ. (പി) നം. 313/13/പൊവിവ
6. 4.7.2014 ലെ സ.ഉ. (പി) നം. 124/14/പൊവിവ
7. 24.2.2014 ലെ സ.ഉ (പി) നം. 278/14/പൊവിവ
8. ബഹു.ഹൈക്കോടതിയുടെ 15.1.2015 ലെ ഡബ്ല്യൂ പി.(സി) 30107/13 തുടങ്ങിയ കേസുകളിലെ വിധിന്യായം
9. ബഹു.ഹൈക്കോടതിയുടെ 8.4..2015 ലെ ഡബ്ല്യൂ എ. 812/15 നമ്പർ റിട്ട് അപ്പീലിലെ ഇടക്കാല വിധി.

**ഉത്തരവ്**

എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ ശാസ്ത്രീയമായ നിയമനവും പുനർവിന്യാസവും നടപ്പിലാക്കുന്നതിനായി ഒരു അദ്ധ്യാപക പാക്കേജ് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. അപ്രകാരം 2010-11 ലെ തസ്തികനിർണ്ണയം തന്നെ 2011-12 ലും തുടരാൻ തീരുമാനിച്ചിരുന്നു. പിന്നീട് 2012-13 ലേയ്ക്കു കൂടി ആയത് നിലനിർത്തി. പരാമർശം 6 - ലെ സർക്കാർ ഉത്തരവുപ്രകാരം 2010-11 ൽ നിലവിലുള്ള തസ്തികകൾ തന്നെ 2013-14 വർഷത്തിലേയ്ക്കും തുടരുവാൻ ഉത്തരവായിരുന്നു. കൂടാതെ 2010-11 വർഷം അനുവദിച്ച തസ്തികകളിൽ നിയമനാംഗീകാരത്തോടെ തുടർന്ന 31.3.2011 വരെ നിയമനം ലഭിച്ച റഗുലർ അദ്ധ്യാപകരിൽ 2014-15 ലെ തസ്തിക നിർണ്ണയം നടത്തുമ്പോൾ അധികമായി പുറത്തുപോകുന്ന അദ്ധ്യാപകരെ അധ്യാപക വിദ്യാർത്ഥി അനുപാതം കുറച്ച് നിലനിർത്താനും അതിനുശേഷവും അദ്ധ്യാപകർ അധികമായി വരുന്നുണ്ടെങ്കിൽ അവരെ ഉൾപ്പെടുത്തി ഒരു അദ്ധ്യാപകബാങ്ക് രൂപവൽക്കരിക്കുവാനും അധ്യാപകബാങ്കിന്റെ ഘടനയും പ്രവർത്തനവും സംബന്ധിച്ച കൂടുതൽ വിശദമായ മാർഗ്ഗരേഖകൾ പിന്നീട് പുറപ്പെടുവിക്കുന്നതാണെന്നും പരാമർശം 5, 6 എന്നീ ഉത്തരവുകൾ മുഖേന നിർദ്ദേശിച്ചിരുന്നു. തുടർന്ന് അധ്യാപകബാങ്ക് രൂപവത്ക്കരണം, ഘടന, പ്രവർത്തനം തസ്തികനിർണ്ണയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പുറപ്പെടുവിച്ച് പരാമർശം (7) മുഖേന ഉത്തരവായിരുന്നു.

അധ്യാപകപാക്കേജ് സംബന്ധമായി സർക്കാർ പുറപ്പെടുവിച്ച 1.10.2011 ലെ സ.ഉ. (പി) 199/11/പൊവിവ നമ്പർ ഉത്തരവും തസ്തികനിർണ്ണയഉത്തരവുകളുൾപ്പെടെയുള്ള അനുബന്ധ ഉത്തരവുകളും ബഹു.ഹൈക്കോടതി റദ്ദുചെയ്യുകയുണ്ടായി. പ്രസ്തുത വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീൽ പരിഗണിച്ച ബഹു.ഹൈക്കോടതി ഇടക്കാല സ്റ്റേ അനുവദിച്ചുവെങ്കിലും അന്തിമവിധി ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല.

.......(2)

അധ്യാപക പാക്കേജ് വഴി നിയമനാംഗീകാരം ലഭിച്ച അധ്യാപകർക്ക് സംരക്ഷണമുറപ്പുവരുത്തേണ്ടതിനാലും, പുതിയ അദ്ധ്യയനവർഷം ആരംഭിച്ച സാഹചര്യത്തിൽ തസ്തിക നിർണ്ണയം നടപ്പിലാക്കേണ്ടതിനാലും ഒരു പുതിയ തീരുമാനം അനിവാര്യമാണ്. മേൽപ്പറഞ്ഞ സാഹചര്യങ്ങൾ മുൻനിർത്തി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 6.7.2015 ന് ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി, ബഹു. ഗ്രാമവികസന-ആസൂത്രണ-സാംസ്കാരികകാര്യ വകുപ്പുമന്ത്രി, ബഹു. വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി, ബഹു. ധനകാര്യ-നിയമ-ഭവനനിർമ്മാണ വകുപ്പുമന്ത്രി, ബഹു. ആഭ്യന്തര-വിജിലൻസ് വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന മന്ത്രിതല ഉപസമിതി ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. പരാമർശം (8) ലെ ബഹു. ഹൈക്കോടതി വിധിന്യായത്തിന്റേയും മന്ത്രിതലഉപസമിതിയുടെ ശുപാർശകളുടെയും വെളിച്ചത്തിൽ 1.10.2011 ലെ ജി.ഒ (പി) 199/11/പൊവിവ നമ്പർ ഉത്തരവുമുഖേന പുറപ്പെടുവിച്ചിട്ടുള്ള അധ്യാപകപാക്കേജ് ഉത്തരവും അനുബന്ധ ഉത്തരവുകളും പിൻവലിച്ചുകൊണ്ട് തസ്തികനിർണ്ണയവും സംരക്ഷണവും സംബന്ധിച്ച് താഴെപ്പറയുന്ന പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

## നിർദ്ദേശങ്ങൾ

## I. അദ്ധ്യാപക/അനദ്ധ്യാപകരുടെ സംരക്ഷണം

താഴെപ്പറയുന്നവിഭാഗം ജീവനക്കാർക്ക് സംരക്ഷണം അനുവദിക്കുന്നതാണ്.

(1) 31.3.2011 ന് നിയമനാംഗീകാരത്തോടെ റഗുലർ സർവ്വീസിൽ തുടർന്ന അധ്യാപക/ അനദ്ധ്യാപകർ

(2) അധ്യാപക പാക്കേജ് വഴി **1.6.2011** മുതൽ നിയമനാംഗീകാരം ലഭിച്ച അധ്യാപക/ അനദ്ധ്യാപകർ

(3) മുൻകാല സംരക്ഷിത ഉത്തരവുകൾ വഴി സംരക്ഷണം ലഭിച്ച നിലവിലുള്ള അധ്യാപകരും അനദ്ധ്യാപകരും

(4) അധ്യാപക പാക്കേജ് വഴി ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ട റിട്രഞ്ച്ഡ് അധ്യാപകർ, തസ്തിക ഇല്ലാതെ തന്നെ അധ്യാപകപാക്കേജ് വഴി മറ്റ് സ്കൂളുകളിലേക്ക് പുനർവിന്യസിച്ച് ശമ്പളം വാങ്ങി വരുന്ന സ്പെഷ്യലിസ്റ്റ് അധ്യാപകർ

(5) 2011-12 മുതൽ രാജി, മരണം റിട്ടയർമെന്റ്, പ്രൊമോഷൻ, സ്ഥലമാറ്റം എന്നീ റഗുലർ തസ്തികകളിൽ നിയമിക്കപ്പെട്ട് എൽ.പി.യിൽ 1:30 ഉം യു.പി/ഹൈസ്കൂളിൽ 1:35 ഉം അനുപാതമനുസരിച്ച് അംഗീകരിക്കപ്പെട്ടവർ.

## II. തസ്തികനിർണ്ണയം, നിയമനം, നിയമനാംഗീകാരം

(1) തസ്തിക നിർണ്ണയം, നിയമനം, നിയമനാംഗീകാരം എന്നിവ കെ.ഇ.ആറിന്റെ നിലവിലുള്ള ചട്ടങ്ങൾ/വ്യവസ്ഥകളനുസരിച്ച് യു.ഐ.ഡി യുടെ അടിസ്ഥാനത്തിൽ നടത്തേണ്ടതാണ്.

(2) 2010-11 ലെ തസ്തിക നിർണ്ണയപ്രകാരം നിലവിലുണ്ടായിരുന്ന തസ്തികകളിൽ 2011-12 ന ശേഷം രാജി,മരണം, റിട്ടയർമെന്റ്, പ്രൊമോഷൻ സ്ഥലമാറ്റം എന്നീ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് എൽ.പി യിൽ 1:30 ഉം യു.പി/ഹൈസ്കൂളിൽ 1:35 ഉം അനുപാതമനുസരിച്ച് തസ്തികകൾ ലഭ്യമാണെങ്കിൽ അംഗീകാരം നൽകാം. 2010-11 വർഷത്തെ തസ്തികനിർണ്ണയം അടിസ്ഥാനമാക്കി 2011-12 മുതൽ 2014-15 വരെ നടത്തിയ സ്ഥിരം നിയമനങ്ങൾക്ക് ഇപ്രകാരം പ്രാബല്യമുണ്ടായിരിക്കുന്നതും 2010-11 ലെ തസ്തികനിർണ്ണയം പ്രകാരമുള്ള തസ്തികകൾ മേൽപ്പറഞ്ഞവിധം 2014-15 വരെ തുടരുന്നതുമാണ്.

.......(3)